**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഡൽഹി യാത്ര - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1343/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 15.05.2018.

========================================================================

പരാമർശം:- 1. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2016-ലെ കത്ത്.

2. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 26.02.2018-ലെ ഇ 1-802/16 നമ്പർ കത്ത്.

**ഉത്തരവ്**

ഗവൺമെന്റ് ഓഫ് ഇന്ത്യയും യുണൈറ്റഡ് നേഷൻസ് ഇന്റർനാഷണൽ സ്ട്രാറ്റജി ഫോർ ഡിസാസ്റ്റർ റിഡക്ഷനും സംയുക്തമായി 2016 നവംബർ 3 മുതൽ 5 വരെ ഡൽഹിയിൽ വച്ച് നടത്തിയ ഏഷ്യൻ മിനിസ്റ്റീരിയൽ കോൺഫറൻസ് ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പരിപാടിയിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ അഡ്വ.കെ.ശാന്തകുമാരി പങ്കെടുത്തിരുന്നുവെന്നും സംസ്ഥാനം വിട്ടുള്ള യാത്രയ്ക്ക് വിമാനയാത്ര നടത്തുന്നതിനും മുൻകൂർ അനുമതി ലഭ്യമാക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നുവെങ്കിലും ഉത്തരവ് ലഭ്യമായിട്ടില്ല എന്ന് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 2016 നവംബർ 3 മുതൽ 5 വരെ ഡൽഹിയിൽ വച്ച് നടത്തിയ ഏഷ്യൻ മിനിസ്റ്റീരിയൽ കോൺഫറൻസ് ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പരിപാടിയിൽ പങ്കെടുക്കുന്നതിന് വിമാനമാർഗ്ഗം നടത്തിയ ഡൽഹി യാത്രക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**അനീഷ് റ്റി.**

**അണ്ടർസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പാലക്കാട്

ജില്ലാ പഞ്ചായത്ത് സെക്രട്ടറി, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ (A&E/Audit) തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ